കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മീഞ്ച ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-5/1124/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 09-12-2019.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

മീഞ്ച ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മീഞ്ച ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ 1, 3, എന്നീ ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 5/1124/2019. തിയ്യതി: 09.12.2019.

# കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-11-2019മുതൽ 23-11-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.വിനോദ് കുമാർ .സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.യാദവ കുമാര .സി.എച്ച് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ .എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ബിന്ദു.വി.വി | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷംഷാദ് ഷുക്കൂർ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ഗോപാല.കെ | 01.04.2018 മുതൽ 06.09.2018 വരെ |
| | ശ്രീ. സതീഷ് ചന്ദ്രൻ.ജി.ആർ (അസി.സെക്രട്ടറി ഇൻചാർജ്) | 07.09.2018 മുതൽ 09.10.2018 വരെ |
| | ശ്രീ. ജോയ് തോമസ് (അസി.സെക്രട്ടറി ഇൻചാർജ്) | 10.10.2018 മുതൽ 14.10.2018 വരെ |
| | ശ്രീ. അജയകുമാർ.എം.വി | 15.10.2018 മുതൽ 31.03.2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )</u>

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സതീഷ് ചന്ദ്രൻ.ജി.ആർ | 01.04.2018 മുതൽ 09.10.2018 വരെ |
| | | ശ്രീ. ജോയ് തോമസ് | 10.10.2018 മുതൽ 31.03.2019വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. തിമ്മക്കുടിയ.ഒ | 01.04.2018 മുതൽ 31.03.2019വരെ |
| 3 | കൃഷി ഓഫീസർ | ശ്രീ. ദിപിൻ.വി.എൻ | 01.04.2018 മുതൽ 22.05.2018വരെ |
| | | ശ്രീ. വിഷ്ണു.ആർ | 23.05.2018 മുതൽ 24.08.2018വരെ |
| | | ശ്രീമതി.ഹരിത | 25.08.2018 മുതൽ 30.11.2018വരെ |
| | | ശ്രീമതി.രശ്മി ജയരാജ് | 01.12.2018 മുതൽ 21.01.2019വരെ |
| | | ശ്രീ. ഹുസൈൻ.പി.പി | 21.01.2019 മുതൽ 31.03.2019വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രമ്യ.സി.ആർ | 01.04.2018 മുതൽ 12.04.2018വരെ |
| | | ശ്രീമതി.സുമിത.എം | 13.04.2018 മുതൽ 11.07.2018വരെ |
| | | ശ്രീമതി.അജിത.ടി.തെറ്റത്ത് (CDPO) | 12.07.2018 മുതൽ 16.07.2018വരെ |
| | | ശ്രീമതി.സുജാത | 17.07.2018 മുതൽ 10.09.2018വരെ |
| | | ശ്രീമതി.ആശ.എം.പി. | 11.09.2018 മുതൽ 31.03.2019വരെ |

| | | | |
|---|---|---|---|
| 5 | വി.ഇ.ഒ മീഞ്ച സർക്കിൾ | ശ്രീ. സുജിത് കുമാർ.വി. | 01.04.2018 മുതൽ 31.03.2019വരെ |
| | വി.ഇ.ഒ കടമ്പാർ സർക്കിൾ | ശ്രീ. പ്രസൂൺ.എസ്.കെ | 01.04.2018 മുതൽ 31.03.2019വരെ |
| 6 | പ്രധാനാധ്യാപകൻ | ശ്രീ. രവീന്ദ്ര.എം | 01.04.2018 മുതൽ 31.03.2019വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ. മഞ്ജു.എസ് | 01.04.2018 മുതൽ 31.03.2019വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.പ്രഭാകർ.എം | 01.04.2018 മുതൽ 31.03.2019വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.രാജാരാമ.ഡി.കെ | 01.04.2018 മുതൽ 04.08.2018വരെ |
| | | ഡോ.സീതാരത്ന | 05.08.2018 മുതൽ 27.12.2018വരെ |
| | | ഡോ.രാജാരാമ.ഡി.കെ | 28.12.2018 മുതൽ 31.03.2019വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.നമിത.എസ്. | 01.04.2018 മുതൽ 31.03.2019വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | വസ്തു നികുതി രേഖകളുടെ പരിശോധന- നികുതി നിർണ്ണയത്തിൽ | 1-12 |
| 13 | മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം. | 1-14 |
| 17 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- 19,381/-രൂപയുടെ അധിക ചെലവ്. | 1-15 |
| 18 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 19 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-17 |
| 20 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-18 |
| 21 | മോണിറ്ററിംഗ് നടത്തുന്നില്ല. | 1-19 |
| 22 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല | 1-20 |
| 23 | ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നില്ല. | 1-21 |
| 24 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിക്കുന്നില്ല. | 1-22 |
| 25 | അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച് . | 1-23 |
| 26 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ. | 1-24 |
| 27 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം-സമയപരിധി കഴിഞ്ഞ് ലഭിച്ച അപേക്ഷ പ്രകാരം ആനുകൂല്യം നൽകി -അപാകതകൾ | 1-25 |

| | | |
|---|---|---|
| 28 | ഭൂജല പരിപോഷണത്തിനായി കാസറഗോഡ് ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 20 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. | 1-26 |
| 29 | ജലനിധി പദ്ധതി | 1-27 |
| 30 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-28 |
| 31 | എസ്.എസ്.എ വിഹിതം നല്കിയത് -തുകയുടെ പൂർണ്ണവിനിയോഗം സാധൂകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-29 |
| 32 | ആട്ടുവളർത്തൽ പദ്ധതി -ഗുണഭോക്തൃ പട്ടിക -അപാകതകൾ | 1-30 |
| 33 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ച തുക ചെലവഴിച്ചത്- അപാകതകൾ | 1-31 |
| 34 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 1-32 |
| 35 | ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാത്ത ഭവനങ്ങൾ. | 1-33 |
| 36 | ഓഡിറ്റ് ഇംപാക്ട്- 18,897രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി. | 1-34 |
| ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല. | --- |
| ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 37 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി ചെലവ് തുക നിരാകരിക്കുന്നു. | 3-1 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 38 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 46 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


അനുബന്ധപത്രികകൾ


1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018ലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 3700450 | 11783236.91 |
| വരവ് | 124270000 | 81536432 |
| ആകെ | 127970450 | 93319668.91 |
| ചെലവ് | 125400000 | 64756605 |
| നീക്കിയിരിപ്പ് | 2570450 | 28563063.91 |

2018-19 വർഷത്തെ Revised ബജറ്റ് 31.01.209 ലെ 1/19നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 5700427 |

| | |
|---|---|
| വരവ് | 166410382 |
| ആകെ | 172110809 |
| ചെലവ് | 171319268 |
| നീക്കിയിരിപ്പ് | 791541 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15-05-2019 | ഇല്ല | - |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 11783236.91 |
| വരവ് | 81536432.00 |
| ആകെ | 93319668.91 |
| ചെലവ് | 64756605 |
| നീക്കിയിരിപ്പ് | 28563063.91 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2018-19)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 16481000 | 16481000 | 14892236 | 1588764 | 90.37 |
| വികസനഫണ്ട് എസ്.സി.പി. | - | 3451000 | 3451000 | 2231991 | 1219009 | 64.68 |
| വികസനഫണ്ട് ടി.എസ്.പി. | - | 837000 | 837000 | 427644 | 409356 | 51.10 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 3982000 | 3982000 | 3978458 | 3542 | 99.91 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3351000 | 3351000 | 2876977 | 474023 | 85.85 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7649000 | 7649000 | 2666109 | 4982891 | 34.86 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | 0 | 24720 | 24720 | 24720* | 0 | |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 480000 | 480000 | 480000 | 0 | |
| തൊഴിലുറപ്പ് പദ്ധതി നൂറ് ദിന അലവൻസ് | 0 | 77000 | 77000 | 77000 | 0 | |
| TSB സംയുക്ത പദ്ധതി | 2924 | 7766143 | 7769067 | 4712028 | 3057039 | |
| ട്രഷറി TSB ജനറൽ പർപ്പസ് | 294151 | 12067912 | 12362063 | 7846925 | 4515138 | |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| MGNREGA | 2744.50 | 295007 | 297751.50 | 260438 | 37313.50 | |
| ജലനിധി | 884679 | 13934509 | 14819188 | 9135362 | 5683826 | |
| SSA | 46050 | 1842 | 47892 | NIL | 47892 | |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| സാക്ഷരത | 49702.50 | 1988 | 51690.50 | NIL | 51690.50 | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി (plan old A/c) | 118649 | 12059892 | 12178541 | 12055000 | 123541 | |
| മറ്റുള്ളവ | | | | | | |
| തനത് ഫണ്ട് (KGB) | 10301675.89 | 7793579 | 18095254.89 | 3428939 | 14666315.89 | |
| SBI ഇ-പോയ്മെന്റ് | 2757 | 33628 | 36385 | 649 | 35736 | |
| KGB ദുരിതാശ്വാസ നിധി | 1799 | 147 | 1946 | NIL | 1946 | |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ബി ഫണ്ട് -തൊഴിൽ നികുതി ഇനത്തിൽ 3600 രൂപ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ അധികമായി ഉൾപ്പെട്ടിട്ടുണ്ട്.ഈയിനത്തിലെ യഥാർത്ഥ ചെലവ് 21,120 രൂപയാണ്) )

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 161 | 100 | - | 61 | 59.63 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 13 | 4694745 | 9 | 3695610 | 78.72 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 2275800 | 5 | 1239600 | 54.47 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 110 | 25167442 | 60 | 9767033 | 38.81 |
| 4 | കൃഷി ഓഫീസർ | 5 | 5160000 | 5 | 4948826 | 95.91 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 37717625 | 3 | 19148935 | 50.77 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3553256 | 4 | 2902787 | 81.69 |

| | | | | | | |
|---|---|---|---|---|---|---|
| 7 | വെറ്റിനറി സർജ്ജൻ | 5 | 3300000 | 5 | 1494000 | 45.27 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 400000 | 1 | 400000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 3 | 1250000 | 3 | 1179904 | 94.39 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 150000 | 1 | 150000 | 100 |
| 11 | പ്രധാനാധ്യാപകൻ | 4 | 1954400 | 4 | 1951400 | 99.85 |
| | ആകെ | 161 | 85623268 | 100 | 46878095 | 54.75 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2744 | 295007 | 297751 | 260438 | 37313 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12611628 | 12611628 | 12611628 | 0 |
| ആകെ | 2744 | 12906635 | 12909379 | 12872066 | 37313 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 494പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 235 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 44993 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 224 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21,120 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 1589200 | 143 |
| വിധവാപെൻഷൻ | 12158400 | 1061 |
| വാർദ്ധക്യകാലപെൻഷൻ | 20794400 | 1755 |
| വികലാംഗപെൻഷൻ | 4192000 | 333 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 118800 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2019 തീയതിയിൽ 10.30 AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 21,925 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |

2018-2019 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ പ്രധാന തസ്തികകൽ പലതും ദീർഘകാലമായി ഒഴിഞ്ഞുകിടന്നിരുന്നു. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്. വിവിധ തസ്തികളിലെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | തസ്തിക ഒഴിഞ്ഞുകിടന്നിരുന്ന കാലയളവ് |
|---|---|---|
| 1 | അക്കൗണ്ടന്റ് | 01.04.2018 മുതൽ 04.04.2018 വരെയും 03.07.2018 മുതൽ 01.11.2018 വരെയും |
| 2 | ക്ലാർക്ക് | 01.04.2018 മുതൽ 05.09.2018 വരെ |
| 3 | ഹെഡ് ക്ലാർക്ക് | 24.01.2019 മുതൽ 31.03.2019 വരെ |

27.07.2019 ലെ ഉത്തരവ് നം എ2/1871/2017/എസ്.സി2 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ. അബ്ദുള്ള.എസ് | ഹെഡ് ക്ലാർക്ക് |
| 2 | ശ്രീ. രാജൻ.കെ.വി | അക്കൗണ്ടന്റ് |
| 3 | ശ്രീ. ഷബീൻ ഫ്രാൻസിസ്. പി.കെ | സീനിയർ ക്ലാർക്ക് |
| 4 | ശ്രീമതി. വിനീത. ടി.ബി | സീനിയർ ക്ലാർക്ക് |
| 5 | ശ്രീ. സന്ദേശ്.കെ | ക്ലാർക്ക് |

ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങേണ്ടതാണ്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ. സന്ദേശ്.കെ 05.08.2011ന് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും എം.ഒ.പി ടെസ്റ്റ് വിജയിക്കാത്തതിനാൽ നാളിതുവരെയും അദ്ദേഹത്തിന്റെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. കാസറഗോഡ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന്റെ 26.12.2015 ലെ എ5-7998/15/കെഡിസ് ഉത്തരവ് പ്രകാരം 05.08.2013 മുതൽ ഒരു വർഷത്തേക്ക് അദ്ദേഹത്തിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയതിനുശേഷം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ഇതു സമ്പന്ധിച്ച് തുടർ നടപടികൾ ഉണ്ടാവണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 13 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ഹാജർ പുസ്തകത്തിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ജീവനക്കാർ അവധിയെടുക്കുന്നത് കൃത്യമായ് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിക്കായി ഒരു അക്കൌണ്ട് ഉണ്ടെങ്കിലും ആയതിൽ തുകയൊന്നും തന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സഞ്ചയ സോഫ്റ്റവെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2018-2019 സാമ്പത്തിക വർഷം പഞ്ചായത്ത് ഭരമസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.08.2019 | 06/2019, 07/2019 | 13.8.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-10-2018 | 2013-14 മുതൽ 2017-18 വരെ | 22.11.2018 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

1)2018-2019 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-2019 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2)ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-9ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ 1741110/-രൂപയുടെ (ഹെഡ്സ്.നം.350110199) കൃത്യത പരിശോധിക്കുക. പ്രസ്തുത തുകയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)പദ്ധതി വിഹിതം ചെലവുകൾ പൂർണ്ണമായും റവന്യൂചെലവുകളായിട്ടാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് മുൻ വർഷത്തേതിന് വിഭിന്നമായി ക്യാപിറ്റൽ കോൺട്രിബ്യൂഷനും റവന്യൂ കോൺട്രിബ്യൂഷനുമായി പദ്ധതിചെലവ് വിഭജിക്കാതെ മൊത്തം ചെലവും റവന്യൂചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

4)ലൈഫ് ഭവന പദ്ധതി വായ്പാ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ കാണിച്ചിട്ടുണ്ടെങ്കിലും അസറ്റ് സൈഡിൽ ഉൾപ്പെട്ടുകാണുന്നില്ല.30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് ഇത്തരത്തിൽ ഭേദഗതി വരുത്തിയത് . മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6)വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ , ബാലൻസ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7)തൊഴിൽ രഹിത വേതനം ഇനത്തിൽ RP-7 ൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുക .ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈയിനത്തിൽ തൻവർഷത്തെ ചെലവ് 21120 രൂപയാണ്.

8)നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ടിൽ 0.02 രൂപ മുന്നിരിപ്പിലും നീക്കിയിരുപ്പിലുമായി ഉൾപ്പെട്ടതായി കാണുന്നു. ഇതുപ്രകാരമുള്ള നാമമാത്ര തുക നിലവിലുള്ളതാണോയെന്ന് പരിശോധിക്കേണ്ടതും വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്.

9)2018-19 വർഷത്തിൽ വസ്തുനികുതിയിനത്തിൽ 25,81,776 രൂപ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലും സാംഖ്യാധിഷ്ഠിത വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ, വസ്തു നികുതി പിരിവിൽ 2,16,960 രൂപയുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിക്കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 വസ്തു നികുതി രേഖകളുടെ പരിശോധന- നികുതി നിർണ്ണയത്തിൽ അപാകത.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ. എന്ന വിജ്ഞാപന പ്രകാരം നിലവിൽ എന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 55 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 45 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ

നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ഉടമസ്ഥന്റെ പേര് & കെട്ടിടത്തിന്റെ നമ്പറും അളവും | അസസ്സ്മെന്റ് തീയ്യതി | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| U.Gopalakrishna rai & 3 others.<br>XIII-300 Jto R<br>GF- 151.24m2 | 21.8.2018 (2018-19-1st half) | 151.24x45= 6,806 | - | 10%= 680 | 6,126 +LC | 151.24x 55= 8,318 | 20%=1,664 | - | 9,982 +LC | 3,856 +LC |
| Chennappa poojari.<br>VII-156A to 156 F.<br>Ex.GF- 41.54m2<br>Adtn- 216.99m2<br>Pro-FF- 317.38m2 | 9.8.2019 (2019-20-1st half) | 216,99x45= 9,765 | - | - | 9,765+LC | 216,99x55= 11,935 | 20%=2,389 | - | 14,324 +LC | 4,559 +LC |
| Ltheef.<br>SHOP- 114 m2<br>I-101A to C | 10.5.2017 (2017-18-1st half) | 114x45= 5,130 | 20%= 1,026 | - | 6,156+LC | 114x55= 6,270 | 20%= 1,254 | - | 7,524 +LC | 1,368 x2= 2736 +LC |
| S.Muhammadali<br>SHOP- 126.46 m2<br>I-1269A & B | 15.6.2017 (2017-18-1st half) | 126.46x45= 5,691 | - | - | 5,691+LC | 126.46x55= 6,955 | - | - | 6,955 +LC | 1264x2= 2,528 +LC |
| Aboobacker & 2 others<br>SHOP- FF – 235.81m2<br>IV-250A to I | 3.3.2015 (2015-16-1st half) | 235.81 x 45= 10,611 | 20%= 2122 | - | 12,733+LC | 235.81 x 55= 12,970 | 20%= 2594 | - | 15,564 +LC | 2831x4= 11,324 +LC |

വസ്തു നികുതിയിനത്തിൽ കുറവു വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം- 8 തീയ്യതി 21-11-2019).

## 1-13 മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു.

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് സമയം വരെ 12 മൊബൈൽ ടവറുകളാണ് അസസ്മെന്റ് ചെയ്തിട്ടുള്ളത്, ഈ 12 ടവറുകളും 2013-14 വർഷങ്ങൾക്ക് മുൻപ് തന്നെ നികുതി നിർണയം നടത്തിയവയുമാണ്. 2013-14 വർഷത്തിനു ശേഷം ഏഴോളം മൊബൈൽ ടവറുകൾക്ക് നിർമ്മാണാനുമതി പഞ്ചായത്ത് നല്കിയിട്ടുണ്ട്. വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ഒരു വർഷ കാലാവധിക്ക് ശേഷം ഈ ടവറുടമകൾ നിർമ്മാണാനുമതി പുതുക്കുകയോ, ടവറുകളുടെ കംപ്ലീഷൻ നല്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| സീ.നം | ഉടമസ്ഥന്റെപേര് | പെർമിറ്റ് നം/ഫയൽ നം | പെർമിറ്റ് കാലാവധി തീയ്യതി |
|---|---|---|---|
| 1 | Indus Tower Ltd | A1-3164/16 dt.24.7.2016 | 23.7.2017 |
| 2 | Reliane JIO Infocom Ltd | BA-14385/18 dt.22.2.2018 | 21.2.2019 |
| 3 | Reliane JIO Infocom Ltd | BA-66177/18 dt.3.4.2018 | 2.4.2019 |
| 4 | Reliane JIO Infocom Ltd | BA-66201/18 dt.3.4.2018 | 2.4.2019 |
| 5 | Reliane JIO Infocom Ltd | BA-118717/30.5.2018 | 29.5.2019 |
| 6 | Reliane JIO Infocom Ltd | BA-148396/23.6.2018 | 22.6.2019 |
| 7 | Reliane JIO Infocom Ltd | SC1/BA283926/19 dt.14.10.2019 | 13.10.2020 വരെ നിർമാണാനുമതിയുണ്ട്. |
| 8 | Reliane JIO Infocom Ltd | SC1/BA1951/19 dt.20.7.2019 | 19.7.2020 വരെ നിർമാണാനുമതിയുണ്ട്. |
| 9 | Indus Tower Ltd | SC1/BA3031/19 dt.16.9.2019 | 15.9.2020 വരെ നിർമാണാനുമതിയുണ്ട്. |

മേൽ വിവരിച്ച 6 (സീ.നം-6വരെ) മൊബൈൽ ടവറുകളും നാളിതു വരെ നിയമാനുസൃതമായ അനുമതിയോ, കെട്ടിട നമ്പറോ ഇല്ലാതെയും, വസ്തു നികുതി അടവാക്കാതെയും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഇതേ മൊബൈൽ സേവനദാതാക്കൾക്ക് തന്നെ ഓഡിറ്റ് വർഷങ്ങളിലും പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട് (സീ.നം-7,8,9). മാത്രമല്ല, അനധികൃത നിർമാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി വരുന്ന

രജിസ്റ്ററിലോ “സഞ്ചയ”സോഫ്റ്റ് വെയറിലോ മേൽ ടവറുകളുടെ വിവരവും, അവയിൽ നിന്നും നിലവിൽ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ പെർമിറ്റ് നേടാതെയും,നമ്പറില്ലാതെയും വസ്തു നികുതി അടവാക്കാതെയും ഇത്തരത്തിൽ അനധികൃതമായിട്ടുള്ള മുഴുവൻ നിർമാണങ്ങൾക്കെതിരെയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം,സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 20, 137, 138 പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും,ക്രമവല്ക്കരിക്കുന്നത്/പൊളിച്ചു നീക്കുന്നത് വരെ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കാനും, നിയമപ്രകാരമുള്ള എല്ലാ രേഖകളും ലഭ്യമാക്കി ക്രമവല്ക്കരിക്കുന്ന പക്ഷം അവയ്ക്കു ബാധകമായിട്ടുള്ള മുഴുവൻ വസ്തു നികുതി, പെർമിറ്റ്/റഗുലറൈസേഷൻ ഫീസ് തുടങ്ങിയവ നിർണയിച്ച് പിഴ സഹിതം മുൻകാല പ്രാബല്യത്തോടെ ഈടാക്കാനും ആയത് “സഞ്ചയ”യിൽ അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.2/18.11.2019 ന മറുപടി നല്കിയിട്ടില്ല.

B)മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവർ നിർമ്മാണത്തിനായി പെർമിറ്റ് അനുവദിക്കുമ്പോൾ പെർമിറ്റ് ഫീസ് 10,000/-, അപേക്ഷാ ഫീസ് 1000/-, മൊബൈൽ ടവറുകളുടെ Pole structure ന്റെ നിർമ്മാണത്തിന് (ഉണ്ടെങ്കിൽ മാത്രം) 2,500/- , മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പ്രത്യേകം അപേക്ഷാ ഫീസ് വേണ്ട എന്നാൽ പെർമിറ്റ് ഫീസ് ഒരു യഥാർത്ഥ കെട്ടിടത്തിന് ബാധകമായ രീതിയിൽ ഈടാക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം). എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇതുവരെ മൊബൈൽ ടവറുകളുടെ അനുബന്ധമുറികളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ആയത് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിരുന്നു. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് സമയം വരെ നടപ്പിലാക്കിയിട്ടില്ല. ഇത് കാരണം 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസിനായി സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. 2018-19 വർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം-3 തീയ്യതി 18-11-2019).

B)വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 255ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന 253 സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ

വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാ-

| ലൈസൻസ് നം | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|
| 4 | 23ജീവനക്കാർ | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഓരോ സ്ഥാപനത്തിലേയും ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ. |
| 5 | 35ജീവനക്കാർ | |
| 7 | 9ജീവനക്കാർ | |
| 12 | 4 ജീവനക്കാർ | |
| 21 | 54ജീവനക്കാർ | |
| 69 | 45ജീവനക്കാർ | |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെയുള്ള 255 സ്ഥാപനങ്ങളിൽ 2എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 253 സ്ഥാപനങ്ങളിലായി 506 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് 4,55,400/-രൂപ (506x450x2) തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്, അപേക്ഷകളിൽ രേഖപ്പെടുത്തിയ മുഴുവൻ ജീവനക്കാരുടേയും അർദ്ധവാർഷിക വരുമാനം ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായും കാണുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃത മാർഗ്ഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **1-15** ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു- **19,381/-**രൂപയുടെ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസ്സിറ്റന്റ് എഞ്ചിനീയർ.

2018-2019 സാമ്പത്തികവർഷം അസ്സിറ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത കൊഡ്ലെ അങ്കണവാടി അഭിവൃദ്ധിപ്പെടുത്തൽ (പ്രൊജക്ട് നം. 73/19), മിയപദവ് ലക്ഷം വീട് പഞ്ചായത്ത് കിണർ റിപ്പയർ (പ്രൊജക്ട് നം. 129/19) എന്നീ പ്രവൃത്തികളുടെ അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് നടത്താത്തതിനാൽ 19,381/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇക്കാര്യം ഓഡിറ്റ് എൻക്വയറികൾ മുഖേന നം.6, നം. 7 തീ: 21.11.2019) നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ

പെടുത്തിയതിനെ തുടർന്ന് തുക തിരച്ചടച്ചു. ഇത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

1) കൊഡ്ലെ അങ്കണവാടി അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | S O 73/19 (കൊഡ്ലെ അങ്കണവാടി ഇമ്പ്രൂവ്മെന്റ്) | | |
| അടങ്കൽ | ₹ 1,61,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | | |
| എസ്റ്റിമേറ്റ് തുക | ₹ 1,61,000/- | | |
| എം. ബുക്ക് നം. | 38/18-19 | | |
| ആകെ അളവ് മൂല്യം | ₹ 1,59,926/- | | |
| കരാറുകാരൻ | ശ്രീ.ഇമ്രാൻ.എം | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.58% കുറവ്. | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 48/18-19 തീ:30.03.2019 | ₹ 1,59,926/- | ₹ 1,56,728/- |

കൊഡ്ലെ അങ്കണവാടി ഇമ്പ്രൂവ്മെന്റ് പ്രവൃത്തിക്കായി 1.61 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തിക്കായി താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നം | പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ. മൂസ കലീം | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 3.7% കുറവ്. |
| 2 | ശ്രീ. ഇമ്രാൻ.എം | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.5% കുറവ്. |

പ്രവൃത്തിക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. ഇമ്രാൻ.എം (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 11.5% കുറവ്) എന്ന കരാറുകാരന്റെ ടെണ്ടർ 09.07.2018 ലെ പഞ്ചായത്ത് തീരുമാനം നം 18 പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് കരാറുകാരന് താഴെ പറയും പ്രകാരം 1,56,728/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 16 പ്രകാരം) | ₹ 1,59,926/- |
| (-) ആദായ നികുതി 1% | ₹ 1,599/- |
| (-) KCWWF 1% | ₹ 1,599/- |
| കരാറുകാരന് നൽകിയ തുക | ₹1,56,728/- |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 11.5% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 1,59,926/- |
| (-) 11.5% ടെണ്ടർ കിഴിവ് | ₹ 18,391/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 1,41,535/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 1,59,926/- |
| അധികം ചെലവഴിച്ച തുക | ₹ 18,391/- |

പ്രവൃത്തിക്കായി ₹ 18,391/- അധികം ചെലവഴിച്ചത് ഓഡിറ്റ് എൻക്വയറി നം.6 തീ: 21.11.2019 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 18,391/- രൂപ 19.11.2019ന് ചെലാൻ നം KL010644147201920M പ്രകാരം മഞ്ചേശ്വരം സബ് ട്രഷറിയിൽ തിരച്ചടച്ചു.

2) മിയപദവ് ലക്ഷം വീട് പഞ്ചായത്ത് കിണർ റിപ്പയർ പ്രവൃത്തി.

| | |
|---|---|
| പ്രൊജക്ട് നം. | S O 129/19 (മിയപദവ് ലക്ഷം വീട് പഞ്ചായത്ത് കിണർ റിപ്പയർ) |
| അടങ്കൽ | ₹ 1,00,000/- (വികസന ഫണ്ട്-പൊതു വിഭാഗം) |
| എസ്റ്റിമേറ്റ് തുക | ₹ 1,00,000/- |
| എം. ബുക്ക് നം. | 34/18-19 |
| ആകെ അളവ് മൂല്യം | ₹ 98,975/- |
| കരാറുകാരൻ | ശ്രീ.ഇമ്രാൻ.എം |

| | | | |
|---|---|---|---|
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 1% കുറവ്. | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 32/18-19 തീ:28.02.2019 | ₹ 98,975/- | ₹ 96,995/- |

മിയപദവ് ലക്ഷം വീട് പഞ്ചായത്ത് കിണർ റിപ്പയർ പ്രവൃത്തിക്കായി ഒരു ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തിക്കായി 28.06.2018ന് നടന്ന റീ-ടെണ്ടറിൽ ശ്രീ. ഇമ്രാൻ.എം എന്ന കരാറുകാരൻ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്, 09.07.2018 ലെ പഞ്ചായത്ത് തീരുമാനം നം 18 പ്രകാരം ശ്രീ. ഇമ്രാൻ.എം (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 1% കുറവ്) സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പ്രവൃത്തി ചെയ്തതിന് കരാറുകാരന് താഴെ പറയും പ്രകാരം 96,995/-രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് നം 25 പ്രകാരം) | ₹ 98,975/- |
| (-) ആദായ നികുതി 1% | ₹ 990/- |
| (-) KCWWF 1% | ₹ 990/- |
| കരാറുകാരന് നൽകിയ തുക | ₹ 96,995/- |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 1% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് ട്രഷറിയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 98,975/- |
| (-) 1% ടെണ്ടർ കിഴിവ് | ₹ 990/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ട തുക | ₹ 97,985/- |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ₹ 98,975/- |
| അധികം ചെലവഴിച്ച തുക | ₹ 990/- |

പ്രവൃത്തിക്കായി ₹ 990/- അധികം ചെലവഴിച്ചത് ഓഡിറ്റ് എൻക്വയറി നം.7 തീ: 21.11.2019 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 990/- രൂപ 19.11.2019ന് ചെലാൻ നം KL010644330201920M പ്രകാരം മഞ്ചേശ്വരം സബ് ട്രഷറിയിൽ തിരച്ചടച്ചു.

## 1-16 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

2018-2019 വർഷം തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ കടങ്കല-ബുഡ്ലൂക്കോടി റോഡ് കോൺക്രീറ്റ് പ്രവർത്തിക്കായി ടെണ്ടർ നടപടികളിലൂടെ കരാറുകാരനിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആദായ നികുതി നിയമം സെക്ഷൻ 194 cപ്രകാരം ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (1%) ഈടാക്കാതെയാണ് കരാറുകാരനി തുക അനുവദിച്ചത്. ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 9 തീയതി 21.11.2019).

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി (1%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|
| 1 | കടങ്കല-ബുഡ്ലൂക്കോടി റോഡ് കോൺക്രീറ്റ് | FTO 358978 തീ:26.11.2018 | 1,78,200/- | മൂസ കലീം. എച്ച്, ഹൊസഹിത്തിലു, മീയപദവ്. | 1,782/- |

## 1-17 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 1-18 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. കേരളാ ഗ്രാമീണ ബാങ്കിന്റെ മിയപദവ് ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 40449100006702) ആരംഭിച്ചിട്ടുണ്ട്. 05.09.2011ന് ആരംഭിച്ച ഈ അക്കൗണ്ടിൽ പ്രാരംഭ നിക്ഷേപമായുണ്ടായിരുന്ന 1,458/- രൂപയല്ലാതെ മറ്റ് നിക്ഷേപങ്ങളൊന്നും ഇല്ല. പ്രാരംഭ നിക്ഷേപത്തിന് വർഷാവർഷങ്ങളിൽ ലഭിച്ച പലിശയടക്കം 01.11.2019ന് ദുരിതാശ്വാസ നിധിയിൽ 2005/-രൂപയുണ്ട്. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായം നൽകിയിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-19 മോണിറ്ററിംഗ് നടത്തുന്നില്ല.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളോ ചർച്ചയോ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 1-20 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ 1,26,729/- കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല തെരുവ് വിളക്കുകൾ പഞ്ചായത്തിൽ

ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്, എപ്പോഴാണ് സ്ഥാപിച്ചത്, ഏതൊക്കെയാണ് കേടായത് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകൾക്ക് 32,248/-രൂപ ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ട് തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് അധികൃതർക്ക് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ല. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ 24 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് ബേഡഡുക്ക എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങി. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 7,200/-കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 5,29,200/- രൂപ മേൽ സ്ഥാപനത്തിന് നൽകി. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നു. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അങ്കണവാടി അടിസ്ഥാന സൗകര്യവികസനം -അപര്യാപ്തതകൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ ആകെ 24 അംഗൻവാടികളാണുള്ളത് ഇവയിൽ 24 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്. എല്ലാത്തിനും പൊതുവായ ടോയ്ലറ്റ് സൗകര്യമുണ്ട്. ആകെയുള്ള 24 അങ്കണവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവ, കെട്ടിടമുള്ളവയിൽ ചുറ്റമതിൽ ഇല്ലാത്തവ, ബേബി ടായ്ലറ്റ ഇല്ലാതവ എന്നിവ ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ ഭരണ സമിതിയുടെ അടിയന്തിരശ്രദ്ധയിലേയ്ക്കായി ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ള സൗകര്യമില്ലാത്തവ | ഗാന്ധിനഗർ |
| | | ബട്യപ്പദവ് |
| | | കുളൂർ |
| | | മീയപ്പദവ് |
| | | ചിഗുരുപാദെ |

| | | |
|---|---|---|
| | | സെന്തടുക |
| | | ദുർഗ്ഗിപ്പള്ള |
| 2 | വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവ | സെന്തടുക |
| 3 | സ്വന്തമായി കെട്ടിടമുള്ളവയിൽ പൂർണമായി ചുറ്റുമതിൽ ഇല്ലാത്തവ | ബെജ്ജ |
| | | ചിനാല |
| | | ബേരികെ |
| | | മീയപ്പദവ് |
| | | മൂഡംബൈൽ |
| | | മജീബൈൽ |
| 4 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | സെറ്റർ നമ്പർ 63 മുതൽ 86 വരെയുള്ള അങ്കണവാടികൾ |
| 5 | ബേബി ടായ്ലറ്റ് ഇല്ലാതവ | സെറ്റർ നമ്പർ 63 മുതൽ 86 വരെയുള്ള അങ്കണവാടികൾ |

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22.03.2011). മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റിനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. അൺഫിറ്റായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചവയിൽ വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയുടെ കാര്യത്തിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും, മറ്റുള്ള അടിസ്ഥാന സൗകര്യങ്ങൾ വരും വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ.

ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായുണ്ട്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽആവിഷ്ക്കരിക്കപെട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ, കൂലി ചെലവ് നല്കുന്നപദ്ധതികൾ, പമ്പ് സെറ്റ് വിതരണം, പവർ സ്പ്രെയർ, ഗ്രോ ബാഗ്, ടിഷ്യുകൾച്ചർ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്, ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം

സാധ്യമാകുന്നില്ല. ജി.ഒ. (എം.എസ്.) 72/17/ ത.സ്വ.ഭ.വ. തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ മേഖലയ്ക്ക് ആവശ്യമായ പ്രാധാന്യം നല്കി, പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നില്ല.

## 1-25 വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം-സമയപരിധികഴിഞ്ഞ് ലഭിച്ച അപേക്ഷ പ്രകാരം ആനുകൂല്യം നൽകി -അപാകതകൾ

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ ട്രഷറി ബിൽ നം 17/22-11-2018 പ്രകാരം 4,80,000/ രൂപ വിവിധ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. ഇതിലുൾപ്പെടുത്തി ശ്രീമതി.രാജീവി ഷെട്ടി എന്നഗുണഭോക്താവിന് മകൾ രമ്യശ്രീയുടെ വിവാഹ ധനസഹായമിനത്തിൽ 30,000 രൂപ നല്കിയിട്ടുണ്ട്.മേൽ ഗുണഭോക്താവിന്റെ മകളുടെ വിവാഹം നടന്ന തിയതി 25-9-2015 നാണെങ്കിലും ഗ്രാമ പഞ്ചായത്തിൽ അപേക്ഷ നല്കിയത് 26-3-2018 നാണ്. വിവാഹം ശേഷം പരമാവധി ഒരുവർഷം വരെ മാപ്പപേക്ഷ നൽകി ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഇവിടെ വിവാഹം കഴിഞ്ഞ് രണ്ടരവർഷം കഴിഞ്ഞ് ലഭിച്ച അപേക്ഷകയ്ക്ക് ആനുകൂല്യം നല്കിക്കാണുന്നു. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിചെയർമാൻ അപേക്ഷക ആനുകൂല്യത്തിന് അർഹയല്ലയെന്ന് അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുപരിഗണിക്കാതെയാണ് ആനുകൂല്യം അനുവദിച്ച് കാണുന്നത് . അപേക്ഷ നൽകുന്നതിലുണ്ടായ കാലതാമസത്തിന് ജില്ലാ കലക്ടറിൽ നിന്നോ, ജില്ലാ സാമൂഹ്യ നീതി ഓഫീസറിൽ നിന്നോ ഇളവ് അനുവദിച്ച് ഉത്തരവ് ലഭ്യമായിക്കാണുന്നില്ല. അർഹതയില്ലാത്ത ഗുണഭോക്താവിനെ ആനുകൂല്യം നല്കുവാനായി ഭരണസമതി ശുപാർശ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതി തലത്തിൽ പരിശോധിച്ച് മേൽ ഗുണഭോക്താവ് അപേക്ഷ സമർപ്പിക്കുവാൻ വന്ന കാലതാമസത്തിന് ജില്ലാ കലക്ടറിൽ നിന്നും ഇളവ് അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് ലഭ്യമാക്കുന്നതുവരെ മേൽ ഗുണഭോക്താവിന് അനുവദിച്ച 30,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ഭൂജല പരിപോഷണത്തിനായി കാസറഗോഡ് ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 20 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

കിണർ റീചാർജ്ജിങ്ങ് പദ്ധതിയ്ക്കായി 2017-18 വർഷം പത്ത് ലക്ഷം രൂപയും ജലജീവനം പദ്ധതിയ്ക്കായി 2018-19 വർഷം പത്ത് ലക്ഷം രൂപയും കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ തുകകൾ യഥാക്രമം 24.1.2018, 22.3.2019 എന്നീ തിയതികളിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. മേൽ രണ്ട് വർഷവും വാർഷിക പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കാതെയാണ് ഗ്രാമ പഞ്ചായത്തിന് തുക ലഭ്യമായിട്ടുള്ളത്. സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖകളിൽ (2017-18,2018-19) നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് കൃത്യമായി പാലിക്കാത്തതിനാലാണ് ഇത്തരത്തിൽ പദ്ധതിപ്പണം നിഷ്ക്രിയമായി സ്ഥിതിചെയ്യുവാൻ ഇടയായിട്ടുള്ളത്. തുക നല്കിയ ജില്ലാ പഞ്ചായത്തും തുകയുടെ വിനിയോഗം ഉറപ്പാക്കുവാൻ വേണ്ടത്ര ശ്രദ്ധ പുലർത്തിക്കാണുന്നില്ല. 2018-19 ൽ ലഭ്യമായ തുക 2019-20 വർഷം ചെലവഴിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി ഗ്രാമ പഞ്ചായത്ത് അധികൃതർ സൂചിപ്പിക്കുകയുണ്ടായിയെങ്കിലും ഇതു പ്രകാരവും തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. മേൽ തുകകൾ ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 ജലനിധി പദ്ധതി

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വന്നിരുന്ന ജലനിധി പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 2018-19 വർഷം വികസനഫണ്ടിൽ നിന്നും 25.11ലക്ഷം രൂപ (ജനറൽ 20 ലക്ഷം & എസ്.സി.പി 5.11 ലക്ഷം) കൈമാറിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 31 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും RPMU മുഖേന ലഭിച്ച തുകയിൽ ചെലവഴിക്കുവാൻ അവശേഷിച്ചിരുന്ന 63.51 ലക്ഷം രൂപ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി കണ്ണൂരിന്റെ 31.5.2019 ലെ KRWSA-KNR/53/2018-AC-2 കത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നല്കുകയുണ്ടായി.മേൽ പരാമർശിച്ച കത്തിനോടൊപ്പം ഓരോ സ്കീമിനും അനുവദിച്ച തുകയും അവശേഷിക്കുന്ന തുകയുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തി തിരികെ നൽകിയ തുകയുടെ കൃത്യത ഉറപ്പാക്കിക്കാണുന്നില്ല. ബന്ധപ്പെട്ട സെക്ഷൻക്ലാർക്ക് , സൂപ്പർവൈസിങ്ങ് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നീ തലങ്ങളിൽ ഇതു സംബന്ധിച്ച പരിശോധന നടത്തി ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ജലനിധിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിലവിൽ (1.11.2019 ൽ) 23,78,156 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ വിവിധ വർഷങ്ങളിൽ വികസനഫണ്ടിൽ നിന്നും കൈമാറിയ തുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയും ഉൾപ്പെടുന്നതായി അധികൃതർ അറിയിച്ചുവെങ്കിലും പ്രസ്തുത തുക ഇതുവരെയും കണക്കാക്കിയിട്ടില്ല. ഇക്കാര്യംപരിശോധിച്ച് പ്രസ്തുത തുകയുടെ കൃത്യത ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് വികസനഫണ്ടിനത്തിൽ അവശേഷിക്കുന്ന തുക സർക്കാർ അനുമതിയോടെ മറ്റുപദ്ധതികൾക്ക് ഉപയോഗിക്കുകയോ, അനുമതി ലഭ്യമല്ലെങ്കിൽ സഞ്ചിത നിധിയിൽ തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. അതുപോലെ തന്നെ പൂർത്തീകരിച്ച പദ്ധതികൾ ശരിയായവിധം സംരക്ഷിക്കപെടുന്നുണ്ടെന്ന കാര്യം ഭരണസമിതി തലത്തിൽ നിരന്തരം വിലയിരുത്തേണ്ടതുമാണ്.

## 1-28 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 4,00,000/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചുവടെ ചേർത്തപ്രകാരം നടത്തിയ 4,00,000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | നിർവ്വഹണ എജൻസി/സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം 7/18-19 NPRPD വിഹിതം-₹2,00,000/- | ബിൽ.നം.4/ തി.30.5.2018 | 2,00,000/- | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 2 | സെക്രട്ടറി | പ്രൊ.നം 138/18-19 മാവേലി സ്റ്റോർ പഞ്ചായത്ത് വിഹിതം | ചെ.നം .642965/തി 27.06.2018 | 1,00,000/- | കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ |
| 3 | സെക്രട്ടറി | പ്രൊജക്ട് നം 8/19 സമൂഹ്യ സുരക്ഷാ മിഷൻ വിഹിതം | ബിൽ നം. 3/30.5.2018) | 1,00,000/- | ഡയറക്ടർ സാമൂഹ്യ സുരക്ഷാ മിഷൻ തിരുവനന്തപുരം |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 4,00,000/- | |

## 1-29 എസ്.എസ്.എ വിഹിതം നല്കിയത് -തുകയുടെ പൂർണ്ണവിനിയോഗം സാധൂകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രൊ.നം 17/18-19 പ്രകാരം എസ്.എസ്.എ വിഹിതം ഇനത്തിൽ 16,98,400 രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. (ട്രഷറി.ബിൽനം.2/29.5.2018₹15,00,000/- & ബിൽ.നം.3/22.12.2018 ₹1,98,400/-). ആകെ പദ്ധതി അടങ്കലിന്റെ 40 ശതമാനമാണ് ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നൽകേണ്ടത്. പദ്ധതി അടങ്കൽ 49.21 ലക്ഷം രൂപയായി എസ്.എസ്.എ അധികൃതർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയതിനാനുപാതികമായ 19.68 ലക്ഷം രൂപയ്ക്ക് പകരം 16.98ലക്ഷം രൂപയാണ് ഗ്രാമ പഞ്ചായത്ത് കൈമാറിയിട്ടുള്ളത് . ഗ്രാമ പഞ്ചായത്ത് നല്കിയ തുകയ്ക്കാനുപാധികമായി 42.46 ലക്ഷം രൂപയുടെ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കപ്പെടേണ്ടതുണ്ട്. എസ്.എസ്.എ അധികൃതർ നല്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം 31.3.2019 വരെ ആകെ 21.10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും 8.44 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് നല്കിയ വിഹിതത്തിനാനുപാതികമായി സർക്കാർ വിഹിതവും വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യമിട്ടത് പ്രകാരമുള്ള ചെലവ് കൈവരിക്കുവാൻ എസ്.എസ്.എ അധികൃതർക്ക് സാധിച്ചിട്ടില്ലെങ്കിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന ഗ്രാമ പഞ്ചായത്ത് വിഹിതം വരും വർഷത്തെ പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തുവാനോ അല്ലെങ്കിൽ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ആട്ടുവളർത്തൽ പദ്ധതി -ഗുണഭോക്തൃ പട്ടിക -അപാകതകൾ

1) നിർവ്വഹണ ഉദ്യോഗസ്ഥ വെറ്റിനറി സർജ്ജൻ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ആട്ടുവളർത്തൽ പദ്ധതി (പ്രോ.നം92/18-19) പ്രകാരം വികസനഫണ്ടിൽ നിന്നും 2,20,000 രൂപ ചെലവഴിച്ചിട്ടുണ്ട് (വി.ഫണ്ട് ₹2,20,000/ & ഗുണ.വിഹിതം ₹2,20,000) (ട്രഷറി ബിൽ നം.3/24.11.2018 ₹1,30,000/-& നം.7/19.3.2019 ₹90,000/-).അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് പുറമേ ചില ഗുണഭോക്താക്കളെ അഡീഷണലായി ഉൾപ്പെടുത്തി ആനുകൂല്യം നല്കിയിട്ടുണ്ട് .അധികമായി ഉൾപ്പെടുത്തിയവർക്ക് 28-2-2019 ലെ 2/19(1) തീരുമാനം പ്രകാരം അംഗീകാരം നൽകിയതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സകർമ്മ സോഫ്റ്റ് വെയറിൽ നിന്നുമെടുത്ത പ്രസ്തുത തിയതിയിലെ ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പിൽ ആട്ടുവളർത്തൽ പദ്ധതിയിൽ അധിക ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഉൾപ്പെട്ടിട്ടില്ല . ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആട്ടുവളർത്തൽ പദ്ധതി ഗുണഭോക്തൃപട്ടികയിൽ അധികമായി ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | റിമാർക്സ് |
|---|---|---|---|
| 1 | മറിയുമ്മ w/o മുഹമ്മദ് പുളിത്തടി | 13 | ഗ്രാമ സഭ മിനിട്സിൽ പേര് ഉൾപ്പെട്ടതായി കാണുന്നില്ല |
| 2 | സഫിയ w/oമുഹമ്മദ് ബി ബുഡ്രിയ | 5 | - |
| 3 | മുഹമ്മദ് ബഷീർ s/oഅബ്ദുൾഖാദർ | 3 | - |
| 4 | കുഞ്ഞാമു s/oഅബ്ദുള്ള | 3 | - |
| 5 | നബീസ w/oമുഹമ്മദ് മേഗിനബയൽ | 3 | - |

മേൽ പട്ടികയിൽ ക്രമ നം 2മുതൽ 5 വരെയുള്ള ഗുണഭോക്താക്കളെ ബന്ധപ്പെട്ട ഗ്രാമ സഭകൾ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ക്രമ.നം. ഒന്ന് പ്രകാരമുള്ള ഗുണഭോക്താവ് ഗ്രാമ സഭാ മിനിട്സിൽ

ഗുണ.പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. അധികമായി ഉൾപ്പെടുത്തിയ മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയിൽ നിന്നും സാധൂകരണ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. അതുപോലെ ഗ്രാമ സഭയിൽ തെരഞ്ഞെടുക്കാത്ത മറിയുമ്മ w/o മുഹമ്മദ് എന്ന ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിന് ബന്ധപ്പെട്ട ഗ്രാമ സഭയിൽ നിന്നും, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയിൽ നിന്നും സാധൂകരണം തീരുമാനം ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ മേൽ ഗുണഭോക്താക്കൾക്കായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 50,000 രൂപയുടെ ചെലവ് (10,000x5) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭരണസമിതി തീരുമാനം എടുത്തതായി തെറ്റായി റിപ്പോർട്ട് ചെയ്ത ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയതിന് വിശദീകരണം നൽകേണ്ടതാണ്.

2) അധിക ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റിൽ (28-2-2019 ലെ 2/19(1) തീരുമാനം) ഒന്നാം വാർഡിലെ സെൽമ അബ്ദുള്ള ബിസ്മില്ലാ ക്വാർട്ടേഴ്സ് എന്ന ഗുണഭോക്താവിനെ ഒഴിവാക്കി നബീസ മുഹമ്മദ് മേഗിനബയൽ എന്ന ഗുണഭോക്താവിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതായി പറയുന്ന സെൽമ അബ്ദുള്ള എന്ന ഗുണഭോക്താവിനും ആനുകൂല്യം നല്കിയിട്ടുണ്ട്. ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കിയതായി പറയുന്ന ഗുണഭോക്താവിന് ആനുകൂല്യം നല്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്ന ഗുണഭോക്തൃപട്ടികയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയശേഷം മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ച തുക ചെലവഴിച്ചത്- അപാകതകൾ

ചെക്ക് നം.17553/ തീയ്യതി.18.8.2018, 1,50,000/- രൂപ

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 03.05.2013-ലെ 22963/ഡി.സി.1 /2013/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പ്രാഥമിക ഘട്ടമായി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, കുടുംബശ്രീ മെമ്പർമാർ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യദായക വളണ്ടിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആശവർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ഏപ്രിൽ നാലാം വാരത്തിനു മുമ്പ് മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നില്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിനായി സമൂഹത്തിലെ എല്ലാ തട്ടിലെയും ജനങ്ങളെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വ മാപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പദ്ധതി ആരംഭിക്കേണ്ടത്. മഴക്കാലപൂർവ്വ ശുചീകരണം 2018 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ഗ്രാമപഞ്ചായത്തിലെ 15 വാർഡുകൾക്ക് മേൽ വൗച്ചറുകൾ പ്രകാരം ആകെ 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ 1,50,000 രൂപയും ഗ്രാമപഞ്ചായത്ത് ഫണ്ടാണ്. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർക്ക് വാർഡുകളിലെ സാനിറ്റേഷൻ സമിതികൾക്ക് വേണ്ടി മിയാപദവ് സർവ്വീസ് സഹകരണ ബാങ്കിൽ തുടങ്ങിയ അക്കൗണ്ടുകളിലേക്ക് ഈ തുക കൈമാറുകയാണ് ചെയ്തത്. മീഞ്ച

പി.എച്ച്.സി. യിലെ വിവിധ ജെ.പി.എച്ച്.എൻ. മാരാണ് സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർ. ഈ തുക വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധന നടത്തിയപ്പോൾ 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പരിശോധനാ രേഖകൾ ഹാജരാക്കിയ 11 വാർഡുകളിലും ശുചീകരണം നടത്തിയിരിക്കുന്നത് 2018 ഒക്ടോബർ മുതൽ 2019 ഫിബ്രവരി വരെയുള്ള കാലയളവിലാണ്. എന്നാൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തേണ്ടത് 2018 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിലാണ്. തുടർന്നങ്ങോട്ട് സർക്കാർ നിശ്ചയിച്ച കാലയളവിൽ തന്നെ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിന് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൂടാതെ 1, 8, 9, 11 എന്നീ വാർഡുകളിലെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ബാക്കി 11 വാർഡുകളിലെ ചെലവ് വൗച്ചറുകൾ ബന്ധപ്പെട്ട വാർഡ് ശുചിത്വ കമ്മിറ്റി കൺവീനർമാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട് . ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 10തീയ്യതി 22-11-2019).

## 1-32 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം നടപ്പിലാക്കിയ പ്രൊ.നം.SO100/18-19 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 8,84,721 രൂപയിൽ 2,87,548രൂപയുടെ(70,000+1,19,551+97,997)മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലയെന്ന സാക്ഷ്യപത്രത്തിന്റെയും പി.എച്ച്.സി ഫാർമസിസ്റ്റിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ മാത്രം മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 5തീയ്യതി 19-11-2019).

## 1-33 ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാത്ത ഭവനങ്ങൾ.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രൊ.നം.142/19 മുഖേന 2018-19 വർഷം 1.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ പത്രിക പ്രകാരം ഭവന നിർമ്മാണമാരംഭിച്ച 71 ഗുണഭോക്താക്കളിൽ 10 പേർ 2018-19 വർഷം നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതും, നിർമ്മാണ-പൂർത്തീകരണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയതുക | നിലവിലെസ്ഥിതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കമല W/O നാരായണ | 1,40,000 | Lintel level |
| 2 | ഫാത്തിമ W/O ഇബ്രാഹിം | 2,40,000 | Lintel level |
| 3 | യശോദ W/O ഷീന പൂജാരി | 3,00,000 | Lintel level |
| 4 | സുശീല W/O ദിനേശ | 2,60,000 | Wall plate |
| 5 | രത്നാവതിW/O ബാലകൃഷ്ണ | 3,00,000 | Wall plate |
| 6 | അനിത W/O ഗണേശ | 2,00,000 | Lintel level |
| 7 | അവ്വമ്മW/O അബ്ദുൾറഹ്മാൻ | 2,60,000 | Lintel level |
| 8 | സുമംഗള W/Oവിജയകുമാർ | 2,40,000 | Lintel level |
| 9 | ലത.കെW/O ചന്ദ്രഹാസ | 40,000 | Basement |
| 10 | ബീഫാത്തിമW/O മുഹമ്മദ് | 2,40,000 | Lintel level |

## 1-34 ഓഡിറ്റ് ഇംപാക്ട്- 18,897രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി.

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത്, ക്രമവൽക്കരണം ചെയ്ത കെട്ടിടത്തിന്റെ രാജിയാക്കൽ ഫീ ഈടാക്കി പെർമ്മിറ്റ് അനുവദിച്ചതിൽ 18,897 രൂപ കുറവ് വന്നതായുള്ള ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറിനം-4/18.11.2019) തുടർന്ന് 18,897 രൂപ രസീത് നം- /18.11.2019 പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ് ഭാഗത്ത് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല

-----

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി ചെലവ് തുക നിരാകരിക്കുന്നു.

| പദ്ധതി നം. & പേര് | ഫണ്ട് | ബിൽനം&തുക | റിമാർക്സ് |
|---|---|---|---|
| പ്രൊ.നം.102/19, | വികസനഫണ്ട് | 12/18-19 | Union Chemists എന്ന |

| | | | |
|---|---|---|---|
| വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് & വിവിധയിനം ഉപകരണങ്ങൾ വിതരണം ചെയ്യൽ | (ജനറൽ) | തീ.15.3.2019, 1,45,183/- | സ്ഥാപനത്തിൽ നിന്നും 50,400 രൂപ ചെലവിൽ ഊന്നു വടിയും, Shahmaഎന്ന സ്ഥാപനത്തിൽ നിന്നും 83,200 രൂപ ചെലവിൽ കണ്ണടകളും വാങ്ങിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| പ്രൊ.നം.100/19, വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് നൽകൽ | വികസനഫണ്ട് (ജനറൽ) | 2/18-19 തീ.31.7.2018, 1,50,000 | Keerthi Uniforms and Matching centre, പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 1,50,000 രൂപ ചെലവിൽ 300 പുതപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. |
| | ആകെ | 2,95,183/- | |

2018-19 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ [സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018] ഖണ്ഡിക 7.5.3 ൽ (ബുള്ളറ്റ് 4) വൃദ്ധർക്ക് ഊന്നുവടി, കമ്പിളി പുതപ്പ് എന്നിവ നൽകുന്ന പദ്ധതികൾ അനുവദനീയമല്ലെന്ന് പറയുന്നുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കാത്ത ഇനമാണ് വികസന ഫണ്ട് ഉപയോഗിച്ച് കണ്ണട വാങ്ങൽ പ്രവർത്തി. ഈ ഉത്തരവിലെ ഖണ്ഡിക 2 ൽ, ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിനു ശേഷമേ പദ്ധതി തയ്യാറാക്കാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. 2018-19 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ മേൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇക്കാരണങ്ങളാൽ ചെലവഴിച്ച **2,95,183/-**രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും, പ്രൊജക്ടിന് അംഗീകാരം നല്കിയ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 26-06-2019 മുതൽ 27-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി3/747/2019, തീയ്യതി.25-07-2019. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചാത്ത് | 2016-17 | 50000 | പാലിയേറ്റിവ് കെയർ | 29000 | 21000 |
| | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 61200 | 63800 |
| | 2017-18 | 360000 | കിണർ റീചാർജ്ജിംഗ് | 4800 | 355200 |
| | 2017-18 | 100000 | ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 149134 | - 49134 |
| | 2017-18 | 100000 | പാലിയേറ്റിവ് കെയർ | 99998 | 2 |
| | 2018-19 | 637500 | നെൽ കൃഷിക്ക് കൂലി ചെലവ് പദ്ധതി | 637500 | 0 |
| | 2018-19 | 200000 | ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |
| | 2018-19 | 1659716 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ധനസഹായം | 1600000 | 59716 |
| | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2018-19 | 500000 | ബേരിക്കെ ശ്മശാനം പുനരുദ്ധാരണം | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റിവ് കെയർ | 99461 | 539 |
| | 2017-18 | 1000000 | കിണർ റീചാർജ്ജിംഗ് | 0 | 1000000 |
| | 2017-18 | 150000 | ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 149134 | 866 |

| | | | | |
|---|---|---|---|---|
| 2018-19 | 200000 | ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |
| 2018-19 | 200000 | പാലിയേറ്റിവ് കെയർ | 194950 | 5050 |
| 2018-19 | 1085578 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ഭ ധനസഹായം | 1085578 | 0 |
| 2018-19 | 644000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- | 644000 | 0 |
| 2018-19 | 100000 | അഗതി രഹിത കേരളം | 0 | 100000 |
| 2018-19 | 1000000 | ജലജീവനം | 0 | 1000000 |

സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ഭീമമായ തുക വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. കിണർ റീചാർജ്ജിങ്ങ് , ജലജീവനം പദ്ധതികൾക്കായി ജില്ലാ പഞ്ചായത്ത് 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ച 20 ലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. സംയുക്ത പദ്ധതികൾക്കായി ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും , തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018 തസ്വഭവ. തി.18-5-2018 &ജി.ഒ (MS) നം 111/2018 തസ്വഭവ. | 12055000 | 0 | | 0 | 12055000 |

| | | | | | | |
|---|---|---|---|---|---|---|
| | തി.13-8-2018 | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,17,098/- |
| തൻവർഷം നിക്ഷേപിച്ചത് | 42,661.00 (പലിശ വരവ്) |
| ആകെ | 5,59,759/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 5,59,759/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-3-2019)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മിയാപദവ് സർവ്വീസ് സഹകരണ ബാങ്ക് | 03.01.2019 | 03.01.2019 മുതൽ 03.01.2020 വരെ | 5,59,759/ | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 62,371/.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | പാരാ 2-2 ക്രമനം.02 | 2084 | മഞ്ചേശ്വരം വുഡ് ഇൻഡസ്ട്രീസ് | 118090105013 dt. 27.02.2019 |
| 2017-18 | പാരാ 2-2 ക്രമനം. 03 | 2828 | കെ.എ.ബോർഡ്സ് & ഫ്ളഷ് ഡോർസ് | 118090105011 dt. 27.02.2019 |
| 2017-18 | പാരാ 2-2 ക്രമനം. 04 | 2084 | മഞ്ചേശ്വര വിനേഴ്സ് | 118090105012 dt. 27.02.2019 |
| 2017-18 | പാരാ 2-2 ക്രമനം. 05 | 7890 | എം.എ ഫ്രയിംവർക്ക് ബാട്ടിപ്പദവ് | 118090105069 dt. 28.02.2019 |
| 2017-18 | പാരാ 2-2 | 6000 | എം.എ പ്രൊഡക്ട്സ് പ്രൈ.ലിമിറ്റഡ് ബാട്ടിപ്പദവ് | 118090105070 |

| | | | | |
|---|---|---|---|---|
| | ക്രമനം. 06 | | | dt. 28.02.2019 |
| 1999-2000 | ഖ.നം.15 | 1,434/- | ടി.മുഹമ്മദ് | 118090101624<br>തി.16-6-2018 |
| 1999-2000 | ഖ.നം.18 | 1,245/- | ശങ്കര | 118090101625<br>തി.16.6.2018 |
| 2004-05 | ഖ.നം<br>2-2(2) | 1,250/- | വി.എം.ഫറൂഖ് | 118090101626<br>തി.16.6.2018 |
| 2003-04 | ഖ.2(2)<br>ബി | 2,500/- | മജബയൽ സഹകരണ ബാങ്ക് | 118090101714<br>തി.21.6.2018 |
| 1999-00 | 3(11) | 600/- | എൻ.രാമ റിട്ട സെക്രട്ടറി | 118090101867<br>തി.28.6.2018 |
| 2001-02 | 3(1) | 880/ | -ടി- | -ടി- |
| 2014-15 | 3(1) &<br>3(5) | 33,576/- | വത്സൻ പടിഞ്ഞാറെ പുരയിൽ<br>(അസി.എക്സി.എഞ്ചിനിയർ) | 118090102199<br>തി.10.7.2018 |
| | | 62,371/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 2001-02 | 3-7(a) | 2007-08 | 3.66.2 | നോമിനൽ മസ്റ്റർ റോൾ മുഖേന വേതനം നൽകിയതിലെ അപാകതകൾ | തുക തിരികെ ഒടുക്കി. നിലവിൽ നിയമസഭാ സമിതി പരിഗണനയിൽ |
| 2001-02 | 3-7(b) | 2007-08 | 3.66.2 | -ടി- | -ടി- |
| 2001-02 | 3-7(c) | 2007-08 | 3.66.2 | -ടി- | -ടി- |
| 2000-01 | 3(5) | 2007-08 | 3.66.2 | -ടി- | -ടി- |
| 2015-16 | 2-2 | 2016-17 | അധ്യായം -2<br>അനുബന്ധം-5 | തൊഴിൽ നികുതി | തടസ്സം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

1)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

2) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2014-15 | 3-1,3-5 | വത്സൻ പടിഞ്ഞാരെ പുരയിൽ അസി.എക്സി. എഞ്ചിനിയർ | Ksa5848/splcell /c.sc/c2/2017 dt.18.7.2017 (സർചാർജ്ജ് നോട്ടീസ്) | 33576 | ₹33576/- 118090-102199 dt. 10.7.2018 | | | | 33576 | 0 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,15,36,432 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,47,56,605 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,95,183 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,80,000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | - | ₹2,95,183 /- | ഡോ.രാജേഷ് എസ്.ആർ, &ഡോ.പ്രഭാകർ.എം |

| | | | |
|---|---|---|---|
| | | | (മെഡിക്കൽ ഓഫീസർ) (Equal share) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1(25) | 30,000/- | ശ്രീ.അജയകുമാർ.എം.വി സെക്രട്ടറി |
| 1(28) | 4,00,000/-, | ശ്രീ.ഗോപാല.കെ സെക്രട്ടറി |
| 1 (30) | 25,000/- | ഡോ.മഞ്ജു.എസ്. വെറ്റിനറി സർജ്ജൻ |
| | 25,000/- | ശ്രീ.അജയകുമാർ.എം.വി സെക്രട്ടറി |
| ആകെ | 4,80,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രഭാകർ.എം, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മീഞ്ച | SUDHAMA 1-230/1, LANDS FLAVOUR, ADAYAR- 575007, MANGLORE Ph-9448932789. |
| ഡോ.രാജേഷ് എസ്.ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സെൻട്രൽ ജയിൽ ഹോസ്പിറ്റൽ, തിരുവനന്തപുരം. | S/o ശാന്തപ്പൻ നായർ, അയ്യപ്പ ഭവൻ, പെരുമന പി.ഒ, കന്യാകുമാരി. Ph-8547218570 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും ഏറ്റവും അവസാനം പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | | |
|---|---|---|
| 1992-93 to 1994-95 | എൽ.എഫ്.കെ.എസ്.ഡി4/919/12 തി.16.5.2013 | 7 |
| 1996-97 (Exp) | KSA/KSD. 5/1371/2018 (3) തി.29.6.2019 | 14 |
| 1996-97 (Final) | KSA/KSD. 5/1371/2018 (2) തി.29.6.2019 | 1 |
| 1998-99 (P) | KSA/KSD. 5/1371/2018 (5) തി.29.6.2019 | 1 |
| 1998-99 (Final) | KSA/KSD. 5/1371/2018 (6) തി.29.6.2019 | 1 |
| 1999-2000 (Final) | KSA/KSD. 5/1371/2018 (8) തി.29.6.2019 | 2 |
| 2000-2001 (Plan) | KSA/KSD. 5/1371/2018 (9) തി.29.6.2019 | 1 |
| 2000-2001 (Final) | KSA/KSD.5/1371/2018 (10) തി.29.6.2019 | 3 |
| 2001-02 (Plan) | KSA/KSD. 5/1371/2018 (11) തി.29.6.2019 | 1 |
| 2003-04 | KSA/KSD. 5/1371/2018 (14) തി.29.6.2019 | 1 |
| 2004-05 | KSA/KSD. 5/1371/2018 (15) തി.29.6.2019 | 4 |
| 2005-06 | KSA/KSD. 5/1371/2018 (17) തി.29.6.2019 | 1 |
| 2006-07 | KSA/KSD.5/1371/2018 (18) തി.29.6.2019 | 2 |
| 2008-09 | KSA/KSD. 5/102/2018 (17) തി.22.1.2018 | 2 |
| 2009-10 | KSA/KSD. 5/102/2018 (18) തി.22.1.2018 | 3 |
| 2010-11 | KSA.KSD-4/874/13) dated 09.10.15 | 8 |
| 2011-12 & 2012-13 | KSA.KSD-9/866/2015 dated 03.12.2015 | 25 |

| | | |
|---|---|---|
| 2013-14 | KSA.KSD-9/513/2016 dated 09.09.2016 | 14 |
| 2014-15 | KSA/KSD.5/102/2018 (19) തി.22.1.2018 | 17 |
| 2015-16 | KSA.KSD5/1069/2017 dated 26.03.18 | 17 |
| 2016-2017 | KSA.KSD5/830/2017dated 14.03.18 | 20 |
| 2017-2018 | KSA/KSD. 5/1303/2018 തി.10.12.2018 | 20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്..

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ/കെ.എസ്.ഡി.5/1124/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123

ഇ-മെയിൽ-doksd.ksad@kerala.gov.in

ഫോൺ- 0499-4256690

തീയ്യതി- 09-12-2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മീഞ്ച ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്

Meenja Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3451346.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 76775.00 |
| 140000000 | Fee & User Charges | I-4(b) | 506111.00 |
| 150000000 | Sale & Hire Charges | I-5(b) | 120400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 104797110.00 |
| 170000000 | Income from Investments | I-7 | 42661.00 |
| 171000000 | Interest Earned | I-8 | 518299.00 |
| 180000000 | Other Income | I-9 | 412831.00 |
| | Total Income | | 109925533.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7641894.00 |
| 220000000 | Administrative Expenses | I-11(b) | 676848.00 |
| 230000000 | Operations & Maintenance | I-12(b) | 491834.00 |
| 240000000 | Interest & Finance Charges | I-13 | 1719.00 |
| 250000000 | Decentralised Plan Programme Productive Sector / Programme Expenses | I-14 | 6442826.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40312540.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 518300.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 11738511.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 39434520.00 |
| 255000000 | Maintenance Projects | I-14(e) | 6633407.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 4050381.00 |
| | Total Expenditure | | 117972780.00 |
| | Gross Surplus/ Deficit of income over Expenditure | | -8047247.00 |
| 280000000 | Prior Period Item | I-18 | 50817.40 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -8098064.40 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3 റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്

Meenja Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11705131.91 |
| Cash | Cash | RP-40(a) | 78105.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 699440.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2000.00 |
| 140000000 | Fees & User Charges | RP-4 | 402736.00 |
| 150000000 | Sale & Hire Charges | RP-5 | 120400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36164489.00 |
| 171000000 | Interest Earned | RP-9 | 518299.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23142667.00 |
| 350000000 | Other Liabilities | RP-36 | 38134.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 41485.00 |
| 330000000 | Secured Loans | RP-32 | 12055000.00 |
| 340000000 | Deposits Received | RP-34 | 527770.00 |
| 350000000 | Other Liabilities | RP-36 | 197883.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7611129.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 93319668.91 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 2587169.00 |
| 220000000 | Administrative Expenses | RP-12 | 676848.00 |
| 230000000 | Operations & Maintenance | RP-13 | 491243.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4417569.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27443169.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 518300.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 4912921.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 581720.00 |
| 255000000 | Maintenance Projects | RP-20 | 6633407.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -25758.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 386461.00 |
| 350000000 | Other Liabilities | RP-36 | 10029741.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1719.00 |
| 340000000 | Deposits Received | RP-34 | 103738.00 |
| 350000000 | Other Liabilities | RP-36 | 1857905.00 |
| 410000000 | Fixed Assets | RP-38 | 2325820.00 |
| 412000000 | Capital work in Progress | RP-40 | 1095223.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 689410.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 28220437.91 |
| Cash | Cash | RP-40(b) | 342626.00 |
| | Grand Total | | 93319668.91 |

## അനുബന്ധം-4 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Meenja Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -3472580.04 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 36168441.00 |
| | Total Reserve & Surplus | | 32695860.96 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13544081.50 |
| | Total Grants, Contributions for Specific Purposes | | 13544081.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 12055000.00 |
| | Total Loans | | 12055000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 619871.00 |
| 350000000 | Other Liabilities | B-9 | 2639884.45 |
| | Total Current Liabilities and Provisions | | 3259755.45 |
| | TOTAL LIABILITIES | | 61554697.91 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 45134969.00 |
| 411000000 | Accumulated Depreciation | B-11 | -14358442.00 |
| 412000000 | Capital Work in Progress | B-11(a) | 1095223.00 |
| | Total Fixed Assets | | 31871750.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 559759.00 |
| | Total Investments | | 559759.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 86308.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 28563063.91 |
| 460000000 | Loans, Advances and Deposits | B-18 | 473817.00 |
| | Total Current Assets, Loans and Advances | | 29123188.91 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 61554697.91 |